# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6679 09/07/2014-ൽ മറുപടിക്ക്

### ആദിവാസി ഭൂമിയിൽ കരിങ്കൽ ക്വാറികളുടെ പ്രവർത്തനാനുമതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസികൾക്കായി നൽകിയിട്ടുള്ള ഭൂമിയിൽ കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം അറിയിക്കുമോ ? | (ബി) | നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>കോഴിക്കോട് ജില്ലയിലെ മൈസൂർമല മായങ്ങൽ പട്ടികവർഗ്ഗ കോളനിയിലെ തോട്ടക്കയം രാമന്റെ ഭാര്യ മണിയുടെ 1 ½ ഏക്കർ സ്ഥലം പോബ്സൺ എന്ന കമ്പനി കയ്യേറി കരിങ്കൽ ക്വാറി നടത്തിക്കൊണ്ടിരിക്കുകയാണെന്ന് കോഴിക്കോട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ അറിയിച്ചിട്ടുണ്ട്. പോബ്സൺ കമ്പനി ക്വാറി നടത്തുന്നത് കൊടിയത്തൂർ വില്ലേജിലെ പന്നിക്കോട് ദേശത്ത് റീസർവ്വേ നം. 172 ൽ ഉൾപ്പെടുന്ന പ്രദേശത്താണെന്ന് കാരശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചതായും ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പോബ്സൺ കമ്പനി ക്വാറി നടത്തുന്ന സ്ഥലത്തിന്റെ റവന്യൂ രേഖകൾ പരിശോധിച്ച് പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭൂമി കൈയ്യേറിയതിനെതിരെ നിയമ നടപടികൾ സ്വീകരിക്കണമെന്ന് റവന്യൂ വകുപ്പ് അധികൃതരോടും അനധികൃത ക്വാറിയുടെ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കണമെന്ന് ജിയോളജി & മൈനിംഗ് വകുപ്പ് അധികൃതരോടും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോടും ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ അഭ്യർത്ഥിച്ചിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>മാനന്തവാടി താലൂക്ക് വെള്ളമുണ്ട ഗ്രാമപഞ്ചായത്തിൽ വാളാരംകുന്ന് കാട്ടുനായ്ക്ക കോളനിയോട് ചേർന്ന് കോളനി സ്ഥലത്ത് നടത്തുന്ന ക്വാറിയുടെ പ്രവർത്തനം നിർത്തിവയ്ക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് റവന്യൂ അധികാരികളോട് ആവശ്യപ്പെട്ടിട്ടുള്ളതായി മാനന്തവാടി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ